# GOVERNMENT OF KERALA

## Abstract

Prisons - Recommendation of Advisory Committee of Central Prison and Correctional Home, Kannur - Premature release of prisoner – Orders issued.

## HOME (B) DEPARTMENT

G.O.(Ms)No.2/2026/HOME Dated,Thiruvananthapuram, 01-01-2026

Read:
1. Letter No. KPCS/1872/2025/WP1 dated: 22.03.2025 of the Director General, Prisons and Correctional Services, Thiruvananthapuram.
2. Letters No.KPCS/1872/2025/WP1 dated: 23.04.2025, 12.08.2025 and 29.09.2025 of the Director General, Prisons and Correctional Services,Thiruvananthapuram.

## ORDER

As per rule 462 and 463 of Kerala Prisons and Correctional Services ( Management ) Rules , 2014 , Advisory Committees are constituted in each Central Prison, Open Prison, Prison for Women, and High Security Prison to make recommendations to the Government for the premature release of prisoners, as per Rules 462 and 463 of the Kerala Prisons and Correctional Services(Management) Rules, 2014.

2. The Advisory Committee of the Central Prison and Correctional Home, Kannur held on 17.12.2024, recommended 4 prisoners for premature release.The Director General of Prisons and Correctional Services has furnished the minutes of the meeting of the Advisory Committee along with supporting documents as per letter read as 1st paper above.

3. Government have examined the recommendations and documents in detail and after having considered the favourable report of the Probationary Officer , are pleased to order the premature release of the prisoner, C. No. 290/24 Rajesh S/o Narayanan, Central Prison and Correctional Home, Kannur, by remitting his remaining period of sentence, in exercise of the powers conferred under Article 161 of the Constitution of India and subject to the conditions laid down under Rule 470 of the Kerala Prisons and Correctional Services (Management) Rules, 2014.

(By order of the Governor)
K BIJU I A S
SECRETARY

To:
Additional Chief Secretary to Hon'ble Governor,Lok Bhavan, Thiruvananthapuram.
The State Police Chief, Thiruvananthapuram.
The Director General of Prisons and Correctional Services, Thiruvananthapuram.
The Superintendent, Central Prison and Correctional Home, Kannur.
General Administration (SC) Department (Vide item No.3404 dated 17.12.2025).
Law Department(Vide Note. OPN-E1/291/2025-LAW dated 14.05.2025).
Information Officer, Web & New Media division, I&PRD( for uploading in Official website).
The Stock File.

Forwarded /By order
Signed by
Amina B
Date: 01-01-2026 16:44:05
Section Officer

രഹസ്യം

# കേരള സർക്കാർ

(72)

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. ബി1/134/2025/ആഭ്യന്തരം. ഇനം നം: 3404

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - 17.12.2024-ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (2) മാത്രം പരിഗണിച്ചു. പ്രൊബേഷണറി ഓഫീസറുടെ അനുകൂലമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.നം.290/24 രാജേഷ് S/o. നാരായണൻ-ന് മാത്രം അകാലവിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

77

(71)

3404

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/134/2025/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തര വകുപ്പ് – ജയിലുകൾ– 17.12.2024 ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിട്ടതൽ അനുവദിക്കുന്നത് – സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.06.2025 |
| 5.<br>(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല<br>ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സിന്ധു. റ്റി. എസ് |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01.11.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.11.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.11.2025 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.11.2025 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

17.12.2024 തീയതിയിൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 2024 വർഷത്തെ രണ്ടാം അർദ്ധ വാർഷിക ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) നിയമത്തിലെ വകുപ്പ് 77 പ്രകാരം തടവുകാരുടെ അകാലവിടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും വനിതാ തുറന്ന ജയിലിലും, അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി 17.12.2024 തീയതിയിൽ യോഗം ചേർന്ന് 04 തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തു.

3. ശിപാർശ ചെയ്യപ്പെട്ട തടവുകാരുടെ കേസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം | കൺവിക്ട് നം. & പേര് (വയസ്സ്) | കുറ്റകൃത്യം | ശിക്ഷ | പോലീസ് റിപ്പോർട്ട് | പ്രൊബേഷൻ റിപ്പോർട്ട് | 30.06.2024 തീയതിയിൽ പൂർത്തീകരിച്ച യഥാർത്ഥ ശിക്ഷാ കാലയളവ് | 30.06.2024 തീയതിയിൽ ഇളവ് ഉൾപ്പെടെ പൂർത്തീകരിച്ച ശിക്ഷാ കാലയിളവ് | ഫൈൻ സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 681 പ്രദീപ് (49) | മുൻവൈരാഗ്യത്താലുള്ള കൊലപാതകം | ജീവപര്യന്തം കഠിന തടവ് (302, 195 A, 506(ii) IPC) | പ്രതികൂലം | പ്രതികൂലം | 15 വർഷം 5 ദിവസം | 18 വർഷം 1 മാസം | ഫൈൻ അടച്ചു |
| 2 | 7688 ബാലസുബ്രഹ്മണ്യൻ (45) | സ്ത്രീയെ കൊലപ്പെടുത്തി | ജീവപര്യന്തം കഠിന തടവ് (302, 449, 506(i) IPC) | പ്രതികൂലം | പ്രതികൂലം | 16 വർഷം 6 മാസം 16 ദിവസം | 19 വർഷം 8 മാസം 6 ദിവസം | ഫൈൻ അടച്ചിട്ടില്ല |
| 3 | 290/24 രാജേഷ് (41) | രാഷ്ട്രീയ കൊലപാതകം | ജീവപര്യന്തം കഠിന തടവ് (302, 341 IPC) | പ്രതികൂലം | അനുകൂലം | 14 വർഷം 4 മാസം 4 ദിവസം | 19 വർഷം 8 മാസം 15 ദിവസം | ഫൈൻ അടച്ചു |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 445/22 മാധവൻ (44) | പ്രായപൂർത്തിയാകാത്ത പെൺകുട്ടിയോടുള്ള ലൈംഗീക അതിക്രമം | 5 വർഷം കഠിന തടവ് (341, 354, IPC, 9(m) r/w 10 of POCSO Act) | പ്രതികൂലം | അനുകൂലം | 2 വർഷം 8 മാസം 10 ദിവസം | 2 വർഷം 11 മാസം 22 ദിവസം | ഫൈൻ അടച്ചിട്ടില്ല |

4. ഓരോ തടവുകാരന്റെയും കേസ് സംബന്ധിച്ച വിശദമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള, നിയമ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം അനുബന്ധമായി ചേർത്തിട്ടുണ്ട്.

5. അകാലവിട്ടുതലുമായി ബന്ധപ്പെട്ട്, കുറ്റകൃത്യത്തിന്റെ സ്വഭാവം മാത്രം പരിഗണിച്ച് തടവുകാർക്ക് അകാലവിട്ടുതൽ നിഷേധിക്കുന്നതിനെതിരായി ബഹു. സുപ്രീംകോടതി WP(Crl) 520/22 നമ്പർ കേസിൽ, Joseph Vs State of Kerala, 21.09.2023 തീയതിയിലെ വിധിന്യായത്തിൽ നിരീക്ഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

".............33. Classifying to use a better word, typecasting convicts, through guidelines which are inflexible, based on their crime committed in the distant past can result in the real danger of overlooking the reformative potential of each individual convict. Grouping types of convicts, based on the offences they were found to have committed, as a starting point, may be justified. However, the prison laws in India - read with Articles 72 and 161 encapsulate a strong underlying reformative purpose. The practical impact of a guideline, which bars consideration of a premature release request by a convict who has served over 20 or 25 years, based entirely on the nature of crime committed in the distant past, would be to crush the life force out of such individual, altogether. Thus, for instance, a 19 or 20 year old individual convicted for a crime, which finds place in the list which bars premature release, altogether, would mean that such person would never see freedom, and would die within the prison walls. There is a peculiarity of continuing to imprison one who committed a crime years earlier who might well have changed totally since that time. This is the condition of many people serving very long sentences. They may have killed someone (or done something much less serious, such as commit a narcotic drug related offences or be serving a life sentence for other non-violent crimes) as young individuals and remain incarcerated 20 or more years later. Regardless of the morality of continued punishment, one may question its rationality. The question is, what is achieved by continuing to punish a person who recognises the wrongness of what they have done, who no longer identifies with it, and who bears little resemblance to the person they were years earlier? It is tempting to say that they are no longer the same person. Yet, the insistence of guidelines, obdurately, to not look

beyond the red lines drawn by it and continue in denial to consider the real impact of prison good behavior, and other relevant factors (to ensure that such individual has been rid of the likelihood of causing harm to society) results in violation of Article 14 of the Constitution. Excluding the relief of premature release to prisoners who have served extremely long periods of incarceration, not only crushes their spirit, and instils despair, but signifies society's resolve to be harsh and unforgiving. The idea of rewarding, a prisoner for good conduct is entirely negated.

34. In the petitioner's case, the 1958 Rules are clear a life sentence, is deemed to be 20 years of incarceration. After this, the prisoner is entitled to premature release. 28 The guidelines issued by the NHRC pointed out to us by the counsel for the petitioner, are also relevant to consider that of mandating release, after serving 25 years as sentence (even in heinous crimes). At this juncture, redirecting the petitioner who has already undergone over 26 years of incarceration (and over 35 years of punishment with remission), before us to undergo, yet again, consideration before the Advisory Board, and thereafter, the state government for premature release - would be a cruel outcome, like being granted only a salve to fight a raging fire, in the name of procedure. The grand vision of the rule of law and the idea of fairness is then swept away, at the altar of procedure which this court has repeatedly held to be a "handmaiden of justice".

35. Rule 376 of the 2014 Rules prescribes that prisoners shall be granted remission for keeping peace and good behaviour in jail. As per the records produced by the State, the petitioner has earned over 8 years of remission, thus demonstrating his good conduct in jail. The discussions in the minutes of the meetings of the Jail Advisory Board are also positive and find that he is hardworking, disciplined, and a reformed inmate. Therefore, in the interest of justice, this court is of the opinion, that it would be appropriate to direct the release of the petitioner, with immediate effect. It is ordered accordingly.

36. The writ petition, thus, stands allowed in the above terms. Pending applications, if any, are disposed of.

6. ബഹു. സുപ്രീംകോടതിയുടെ പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ബഹു. ഹൈക്കോടതി മുൻപാകെ ശ്രീമതി പ്രസന്ന, ശ്രീമതി ബിന്ദു പ്രകാശൻ എന്നിവർ യഥാക്രമം ഫയൽ ചെയ്ത WA .No. 1245/2024, WA No.2137/2024 എന്നീ കേസുകളിൽ ബഹു. കോടതി 11.04.2025 തീയതിയിൽ ബഹു. സുപ്രീം കോടതിയുടെ മേൽപ്പറഞ്ഞ Joseph Vs State of kerala കേസിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസക്തഭാഗം ചുവടെ ചേർക്കുന്നു :

" 21. Let us now consider the arguments advanced by the learned Special Government Pleader. True, in Joseph, it was observed by the Apex Court that grouping types of convicts based on the offences they were found to have committed, as a starting point, may be justified. But, in the light of the propositions laid down in the said case as contained in paragraphs 32 and 37 of the judgment, the said observation cannot be understood as one permitting grouping of convicts based on the offences they were found to have committed in such a manner as to exclude certain offences from the scope of grant of remission as done by the State Government.........................................................................................

.............................................................................................................

Needless to say. we accept the decision of the Apex Court in Joseph as the binding precedent. We are inclined to hold that long-term convicted prisoners, especially those who deemed to have completed the entire term of imprisonment in terms of the provisions contained in the Act and 2014 Rules, other than those who were sentenced by the convicting courts for imprisonment for a period exceeding 20 years, cannot be denied the benefit of remission having regard to the nature of the offence committed by them in the distant past.

23. We take this view for yet another reason also. Granting early release to prisoners is a matter related to their fundamental human rights. The National Human Rights Commission has received a number of representations pointing out that the State Governments are applying differing standards in the matter of premature release of prisoners undergoing life imprisonment. After considering the response received from a number of States/Union Territories, the Commission fixed guidelines and the same were communicated to all the State Governments/Union Territories on 26.09.2003. The Apex Court has made a reference to these guidelines also in Joseph. In the said communication, even though it is provided that there can be a classification among the life convicts having regard to the magnitude, brutality and gravity of the offence for which the convict was sentenced to imprisonment, the period of incarceration inclusive of remission even in worst of the worst situation should not exceed 25 years.

24. On an evaluation of the totality of the facts and circumstances of the cases on hand, especially the finding rendered by us that the prisoners involved in these cases were entitled to be released prematurely on completion of imprisonment for a period of 20 years in terms of the 1958 Rules, we are of the view that these are apt cases where this Court should direct

the Government to release the prisoners with immediate effect, as done by the Apex Court in Joseph. However, inasmuch as the grant of remission is a prerogative of the Government, although the power conferred on the Government for the said purpose is a power coupled with duty to be exercised after taking into account all the relevant factors, we set aside the impugned judgments as also the orders of the Government impugned in the writ petitions and dispose of the writ appeals directing the Government to consider afresh, the last among the recommendations made by the Advisory Committee for the premature release of the prisoners involved in these cases, within a period of one month, in the light of the findings and observations made by the Apex Court in Joseph, as referred to by us in this judgment, untrammelled by the nature of the offences for which they were convicted."

ഈ വിധിന്യായങ്ങൾ കണക്കിലെടുത്തു കൊണ്ടും പ്രസ്തുത വിധിന്യായത്തിനെതിരായി അപ്പീൽ ഫയൽ ചെയ്താൽ വിജയസാധ്യതയില്ലായെന്ന സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ടു ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരുടെ ഭർത്താക്കന്മാരായ, നെട്ടുകാൽത്തേരി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന രാജൻ, ചീമേനി തുറന്ന ജയിലിലെ അന്തേവാസിയായിരുന്ന പ്രകാശൻ എന്നിവർക്ക് അകാല വിടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകുവാൻ 13.08.2025 തീയതിയിലെ മന്ത്രിസഭായോഗ തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 161 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചും, 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470-ലെ വ്യവസ്ഥകൾ പ്രകാരവും പ്രസ്തുത അന്തേവാസികൾക്ക്, 15.09.2025 തീയതിയിലെ GO(Ms)171/2025/Home ഉത്തരവ് പ്രകാരം അകാലവിടുതൽ നൽകുകയുണ്ടായി.

7. മേൽപ്പറഞ്ഞ കേസുകളിലെ വിധിന്യായത്തിന് സമാനമായ വിധിന്യായം, വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരനായ സി.നം. 6036, ബാലു ഫയൽ ചെയ്ത WP(Crl) 1215/2024 നമ്പർ കേസിൽ 03.04.2025 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രസ്തുത കോടതി ഉത്തരവിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

**<u>WP(Crl)No.1215/24</u>**

" 15. Premature release has been recognized as one of the facets of the human rights of prisoners. The remission policy manifests a process of reshaping a person who, under certain circumstances, has indulged in criminal activity and is required to be rehabilitated. It is based on the principles of reformation and intended to bring the convict back to society as a useful member. It was specifically mentioned in the probation report that the convict could lead a normal life after release by doing agricultural labour work in his own village. The murder was committed when the petitioner was only 18 years of age, and he is now around 42 years. The police authorities, the probation officer and the Superintendent of Prisons have recommended the premature release of the petitioner. The Jail Advisory Committee has also recommended the premature release of the petitioner.

These factors that have a bearing on the concept of reformation cannot be ignored on the bare premise that persons who have committed the murder of women will not be given remission of sentence. The grant of premature release is the power coupled with duty conferred on the appropriate Government in terms of Section 432 of Cr.P.C, and under the provisions of State Laws which is to be exercised by it after taking into account all the relevant factors. Considering the entire facts and circumstances of the case, I am of the view that it is a fit case where the Government ought to have considered the plea of the petitioner for premature release favourably. However, it is well settled that this Court cannot direct the respondents to release the prisoner forthwith or to remit the remaining sentence [See Rajan (supra) and Bilkis Yakub Rasool (supra)]

16. For the reasons stated above, Ext.P4 order is not sustainable, and accordingly, it is set aside. In the counter affidavit filed by the 1st respondent, it is stated that in the course of routine consideration for recommending premature release during the first half of the year 2024, the Director General of Prisons and Correctional Services, has forwarded the recommendation of the Jail Advisory Committee, which was convened on 15/07/2024, by which four prisoners, including the petitioner, were recommended for the grant of premature release and the file pertaining to it is under process. Hence, the 1st respondent is directed to consider the recommendation of the Jail Advisory Committee relating to the premature release of the petitioner in the light of the observations made in this judgment, as expeditiously as possible, at any rate, within a period of three months from the date of receipt of a copy of this judgment, The writ petition is disposed of as above. ”

കൂടാതെ വിയ്യൂർ സെൻട്രൽ ജയിലിലെ തന്നെ അന്തേവാസിയായ സി.നം.4028 റിജോ യുടെ മാതാവ് ശ്രീമതി ത്രേസ്യാമ്മ ജോസ് ഫയൽ ചെയ്ത WP(Crl) 1150/23 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 04.06.2025 തീയതിയിൽ ഇപ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

1. Ext. P9 Order is set aside.

2. The first respondent is directed to reconsider the case of the petitioner's son for premature release in the light of the principle laid down by this court in judgement dated 11.04.2025 in Writ Appeal Nos.1245/2024 & 2137/2024 as expeditiously as possible at any rate, within a period of three months from the date of receipt of a copy of judgement.

മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും വിയ്യൂർ സെൻട്രൽ ജയിലിലെ 15.07.2024 തീയതിയിലെ ജയിൽ ഉപദേശകസമിതി ശിപാർശയുടെയും അടിസ്ഥാനത്തിലും സി.നം. 4028 റിജോ, സി.നം. 6036 ബാലു എന്നിവർ ഉൾപ്പെടെ ടി ശിപാർശയിൽ ഉൾപ്പെട്ട 4 അന്തേവാസികൾക്ക് അകാല വിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകുവാൻ 17.09.2025 തീയതിയിൽ കൂടിയ മന്ത്രിസഭായോഗം തീരുമാനം

കൈക്കൊള്ളുകയുണ്ടായി. അതനുസരിച്ച് ബഹു. ഗവർണറുടെ അംഗീകാരത്തോടെ സ.ഉ.(എം.എസ്.) 206/2025/ഹോം, തീയതി 31.10.2025 പ്രകാരം അന്തേവാസികളെ വിട്ടുതൽ ചെയ്ത് ഉത്തരവ് നൽകിയിട്ടുള്ളതാണ്.

8. കുറ്റവാളികളുടെ മേൽ ചുമത്തുന്ന പിഴ ശിക്ഷ (fine sentence) സംബന്ധിച്ച്, Bilkis Yakub Rassol Vs Union of India, Manu/SC/0025/24 നമ്പർ കേസിലെ ഉത്തരവിൽ ബഹു. സുപ്രീംകോടതി ഇപ്രകാരം നിരീക്ഷണം നടത്തിയിട്ടുള്ളതായി നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

*As per the orders of the Hon'ble Supreme Court in Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024, the Court had stated that the appropriate Government is duty bound to consider the fact of payment of fine while granting remission of sentence to the prisoner who has been sentenced for payment of fine as well with his substantive sentence for imprisonment. As per the judgment, not only the government but the Advisory Board are also duty bound to verify whether the prisoner made the payment of fine before making the recommendation for premature release of prisoner to the Government.*

ആയതിന്റെ അടിസ്ഥാനത്തിൽ അകാലവിടുതൽ ശിപാർശകൾ സംബന്ധിച്ച ഫയലുകളിൽ നിയമവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്താറുണ്ട്.

*" **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ അകാല വിടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. "*

9. ഈ കുറിപ്പിൽ പരിഗണിക്കുന്ന കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 17.12.2024 ലെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ 25.06.2025 തീയതിയിലെ മന്ത്രിസഭാ യോഗം പരിഗണിക്കുകയും നടപടിക്കുറിപ്പ് ഇനം നമ്പർ 3057 പ്രകാരം, " അകാലവിടുതൽ സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധിന്യായം സഹിതം പരിശോധിച്ച്, വിധിന്യായത്തിലെ പ്രസക്ത ഭാഗവും പിഴ ഒടുക്കേണ്ട കേസുകളിൽ പിഴ ഒടുക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണവും ഉൾപ്പെടുത്തി പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുൻപാകെ കൊണ്ടുവരേണ്ടതാണ്." എന്ന് നിർദ്ദേശിക്കുകയുമുണ്ടായി.

10. ഇതിൻ പ്രകാരം ശിക്ഷാ ഇളവിന് പരിഗണിക്കുന്ന തടവുകാർ ഫൈൻ ഒടുക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തുവാൻ ജയിൽ മേധാവിയോട് ആവശ്യപ്പെട്ടിരുന്നു. പിഴ ഒടുക്കാത്തതിന് പകരമായി അനുഭവിക്കേണ്ട ശിക്ഷാ കാലാവധി കൂടി കണക്കിലെടുത്തല്ല ജയിൽ ഉപദേശകസമിതികൾ BNSS 475 (CrPC 433 A) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മിനിമം കാലാവധിയായ 14 വർഷം കണക്കാക്കിയിട്ടുള്ളതെന്നും Set off കാലാവധി ഉൾപ്പെടെയുള്ള യഥാർത്ഥ ശിക്ഷ (Substantive Sentence) മാത്രമാണ് ഇതിനായി കണക്കാക്കുന്നതെന്നും ജയിൽ ഉപദേശക സമിതി ശിപാർശ അനുസരിച്ച് വിടുതൽ ഉത്തരവാകുന്ന പക്ഷം , അന്തേവാസികൾ പിഴത്തുക ഒടുക്കിയെന്ന് ഉറപ്പുവരുത്തി മാത്രമാണ് വിടുതൽ ചെയ്യുന്നതെന്നും പിഴ ഒടുക്കാത്ത തടവുകാരെ പിഴയ്ക്ക് പകരമായി അനുഭവിക്കേണ്ട ശിക്ഷ കൂടി അനുഭവിച്ച ശേഷം മാത്രമാണ് വിടുതൽ ചെയ്യുന്നതെന്നും ജയിൽ വകുപ്പ് മേധാവി അറിയിക്കുകയുണ്ടായി. ഇതിൻ പ്രകാരം പുതുക്കിയ കുറിപ്പുകൾ

സമർപ്പിക്കുകയുണ്ടായപ്പോൾ 'മന്ത്രിസഭായോഗ തീരുമാന പ്രകാരം സമാനമായ ഫയലുകളിൽ നിർദ്ദേശിച്ചിരുന്ന പിഴ അടയ്ക്കാത്തതിനുള്ള കാരണം കൂടി വ്യക്തമാക്കി കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വിവരങ്ങളിന്മേൽ ജയിൽ വകുപ്പ് മേധാവിയുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയുമുണ്ടായി. ഈ ശിപാർശയിൽ ഉൾപ്പെട്ട അന്തേവാസികളിൽ സി.നം. 681 പ്രദീപ് ഒഴികെ ആരും തന്നെ പിഴത്തുക അടച്ചിട്ടില്ലായെന്നും, ജീവപര്യന്തം/ഹ്രസ്വകാല ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർക്ക് അകാലവിടുതൽ അനുവദിച്ച് ഉത്തരവായാൽ മാത്രമേ പിഴത്തുക അടച്ചത്കൊണ്ട് അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂവെന്നും അകാലവിടുതലിന് ശിപാർശ ചെയ്യുന്നതോടൊപ്പം പിഴത്തുക അടയ്ക്കുന്നവർക്ക്, ശിപാർശ സർക്കാർ നിരസിക്കുകയാണെങ്കിൽ അതിന്റെ പ്രയോജനം ലഭിക്കുകയില്ലായെന്നും അതിനാലാണ് അന്തേവാസികൾ പിഴത്തുക അടയ്ക്കാത്തത് എന്നും ജയിൽ വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് സി നം. 290/24 രാജേഷ് ഫൈൻ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. ഇപ്രകാരം ലിസ്റ്റിൽ 2 പേർ ഫൈൻ അടച്ചിട്ടുണ്ട്.

11. ഈ ശിപാർശയിൽ ഉൾപ്പെട്ട, സി.നം. 445/22 മാധവൻ എന്നയാൾ 9 വയസായ പെൺകുട്ടിയോട് ലൈംഗികാതിക്രമം കാണിച്ചുവെന്ന കുറ്റത്തിനാണ് IPC 341,354 എന്നീ വകുപ്പുകൾ പ്രകാരവും POCSO Act പ്രകാരവും, 5 വർഷം കഠിന തടവിനും 5000 രൂപ പിഴയ്ക്കും പിഴ ഒടുക്കിയില്ലെങ്കിൽ ഒരു വർഷം കഠിനതടവിനും ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. 30.06.2024 തീയതി അടിസ്ഥാനത്തിൽ ഇയാൾ 2 വർഷം, 8 മാസം, 10 ദിവസത്തെ യഥാർത്ഥ ശിക്ഷ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ആകെ ശിക്ഷയുടെ 1/3 പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ അന്തേവാസിയുടെ അകാല വിടുതലിന് ജില്ലാ പ്രൊബേഷണറി ഓഫീസർ പൊതുവിൽ അനുകൂലമായ റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ, ജയിലുപദേശക സമിതി വിടുതലിന് പരിഗണിക്കുമ്പോൾ കുറ്റകൃത്യത്തിന് ഇരയായവരിൽ നിന്നുള്ള വിടുതലിനെ സംബന്ധിച്ച പ്രതികരണവും കാഴ്ചപ്പാടും കണക്കിലെടുക്കേണ്ടതാണെന്നും കുറ്റകൃത്യത്തിന് ഇരയായവരിൽ നിന്നുള്ള പ്രതികരണം ജില്ലാ പ്രൊബേഷണറി ഓഫീസറിൽ നിന്നും ശേഖരിച്ച് പ്രസ്തുത റിപ്പോർട്ടിന്മേലുള്ള അഭിപ്രായം സഹിതം ജയിൽ സൂപ്രണ്ട് സമിതി മുൻപാകെ ഹാജരാക്കേണ്ടതാണ് എന്നാണ് 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 465(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിൻ പ്രകാരം ഇരയുടെയോ ബന്ധുക്കളുടെയോ പ്രതികരണം കൂടി ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് അല്ല ജില്ലാ പ്രൊബേഷണറി ഓഫീസർ നൽകിയിട്ടുള്ളത്. എന്നാൽ 9 വയസ് മാത്രം പ്രായമായ പെൺകുട്ടിയെ ലൈംഗിക അതിക്രമം നടത്തിയ കുറ്റത്തിന് ശിക്ഷയനുഭവിക്കുന്ന പ്രതിക്ക് അകാലവിടുതൽ അനുവദിക്കുന്നത് സമൂഹത്തിൽ നിയമവ്യവസ്ഥയോട് അവമതിപ്പ് ഉളവാക്കുമെന്നും പ്രതിയുടെ സാന്നിദ്ധ്യം അതിജീവിതയായ കുട്ടിയ്ക്കും ബന്ധുക്കൾക്കും ഭയപ്പാട് ഉണ്ടാക്കുമെന്നും ഇയാൾ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടാൻ സാധ്യതയുണ്ടെന്നും പ്രതിയുടെ സാന്നിദ്ധ്യം കുട്ടിയുടെ ജീവിതത്തെ സാരമായി ബാധിക്കുമെന്നുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് അകാലവിടുതൽ ശിപാർശ ചെയ്തിട്ടില്ല. 5 വർഷത്തെ കഠിന തടവിന് ശിക്ഷിക്കപ്പെട്ട സി.നം. 445/22 മാധവൻ ആകെ 2 1/2 വർഷ യഥാർത്ഥ ശിക്ഷ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ചട്ട പ്രകാരം അകാലവിടുതലിന് മാധവന് അർഹതയുള്ളതാണെങ്കിലും പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള കാര്യങ്ങൾ കൂടി ഇക്കാര്യത്തിൽ പരിഗണിക്കേണ്ടതാണെന്ന് കാണുന്നു.

12. 25.06.2025 തീയതിയിലെ മന്ത്രിസഭാ യോഗം നടപടിക്കുറിപ്പ് ഇനം നമ്പർ 3057 പ്രകാരം, 17.12.2024 ലെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം തടവുകാർക്ക് അകാലവിടുതൽ അനുവദിക്കുന്ന വിഷയം പുതുക്കിയ കുറിപ്പുകൾ സഹിതം മന്ത്രിസഭായോഗം മുൻപാകെ കൊണ്ടുവരാൻ തീരുമാനിക്കുകയുണ്ടായി.

**തീരുമാനിക്കേണ്ട വിഷയം**

1. കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 17.12.2024 ൽ കൂടിയ ഉപദേശക സമിതിയുടെ ശിപാർശയും നിയമവകുപ്പിന്റെ ഉപദേശവും പരിഗണിച്ച്, ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും, പിഴ ഒടുക്കിയിട്ടില്ലാത്ത അന്തേവാസികളുടെ കാര്യത്തിൽ പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴയ്ക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിട്ടുതൽ എന്ന വ്യവസ്ഥയിലും താഴെ പറയുന്ന 04 തടവുകാരുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി.നം. 681 പ്രദീപ് S/o പങ്കജാക്ഷൻ
2. സി.നം. 7688 ബാലസുബ്രഹ്മണ്യൻ S/o കൃഷ്ണൻ
3. സി.നം. 290/24 രാജേഷ് S/o നാരായണൻ
4. സി.നം. 445/22 മാധവൻ S/o കാളൻ

**അല്ലെങ്കിൽ**

2. പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ള വസ്തുതകൾ കണക്കിലെടുത്ത്, 9 വയസ് മാത്രം പ്രായമായ പെൺകുട്ടിയെ ലൈംഗിക അതിക്രമം നടത്തിയ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട സി.നം.442/2024 മാധവന്റെ അകാലവിട്ടുതൽ ശിപാർശ നിരസിക്കാവുന്നതും, സി.നം.445/22 മാധവൻ S/o കാളൻ ഒഴികെയുള്ള താഴെ പറയുന്ന 03 തടവുകാരുടെ ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ച്, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായും പിഴ ഒടുക്കിയിട്ടില്ലാത്ത അന്തേവാസികളുടെ കാര്യത്തിൽ പിഴ അടച്ച കഴിഞ്ഞു മാത്രമോ അല്ലെങ്കിൽ പിഴക്ക പകരമുള്ള ശിക്ഷ അനുഭവിച്ച കഴിഞ്ഞു മാത്രമോ ആയിരിക്കും വിട്ടുതൽ എന്ന വ്യവസ്ഥയിലും ഇളവ് ചെയ്ത് അകാലവിട്ടുതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?

1. സി.നം. 681 പ്രദീപ് S/o പങ്കജാക്ഷൻ
2. സി.നം. 7688 ബാലസുബ്രഹ്മണ്യൻ S/o കൃഷ്ണൻ
3. സി.നം. 290/24 രാജേഷ് S/o നാരായണൻ

# അനുബന്ധം

" 1. 2010-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസസ് (മാനേജ്മെൻ്റ്) ആക്ടിന്റെ 77-ാം വകുപ്പ് പ്രകാരം തടവുകാർക്ക് സ്വമേധയാ അല്ലെങ്കിൽ ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അകാല വിട്ടുതൽ അനുവദിക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുന്നു. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 462-ാം ചട്ടം അനുസരിച്ച്, തടവുകാരെ അകാലവിട്ടുതൽ സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുന്നതിനായി എല്ലാ സെൻട്രൽ ജയിലുകളിലും വനിതാജയിലുകളിലും, തുറന്ന ജയിലുകളിലും അതീവ സുരക്ഷാ ജയിലിലും ഉപദേശക സമിതികളെ രൂപീകരിച്ചിട്ടുണ്ട്. കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി 17.12.2024 ന് ചേർന്ന യോഗത്തിൽ 4 തടവുകാരുടെ അകാലവിട്ടുതൽ അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച് വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

2. കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ ഉപദേശക സമിതി ശിപാർശ സംബന്ധിച്ച കേസ് ഫയൽ ഈ വകുപ്പ് വിശദമായി പരിശോധിച്ചു. ഫയലിൽ ലഭ്യമാക്കിയിട്ടുള്ള തടവുകാരെ സംബന്ധിച്ച വിശദാംശങ്ങളുടെ സമഗ്രമായ പരിശോധനയുടെ അടിസ്ഥാനത്തിൽ, താഴെപറയുന്ന രീതിയിൽ വകുപ്പിനെ അറിയിക്കാവുന്നതാണ്. "

**1. C.681 പ്രദീപ് S/o പങ്കജാക്ഷൻ (വയസ്സ് -49/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| പ്രതിക്ക് മരിച്ച ഗോപകുമാറുമായിട്ടുള്ള വാക്കുതർക്കത്തെ തുടർന്നുള്ള വിരോധം നിമിത്തം ടി ഗോപകുമാറിനെ കൊലപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 02.02.2001 തീയതി വെളുപ്പിന് 3.15 മണിക്ക് കോതകുളങ്ങര അമ്പലത്തിന് കിഴക്ക് വശത്തുള്ള ആൽത്തറയിൽ വച്ച് പ്രതി ടി ഗോപകുമാറിനെ മാരകായുധമായ ഒരു കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>ടിയാൻ പ്രതിയായ മറ്റൊരു കേസിൽ പ്രധാന സാക്ഷിയെ 21.11.2006 തീയതി ഫോണിൽ വിളിച്ച് ടി കേസ്സിലേക്ക് സാക്ഷി പറയരുതെന്നും സാക്ഷി പറഞ്ഞാൽ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 28/2004 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി, നോർത്ത് പറവൂർ കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവ് ഉത്തരവായിട്ടുമുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസറും പോലീസും പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 30.06.2024 തീയതി അടിസ്ഥാനപ്പെടുത്തി 15 വർഷവും 05 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>എസ്.സി.നം. 28/2004 കേസിലെ ബഹു. കോടതി വിധിയിൽ തടവുകാരന്റെ അകാലവിട്ടുതൽ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല. |

| | |
|---|---|
| അഡീഷണൽ സെഷൻസ് കോടതി, നോർത്ത് പറവൂർ, എസ്.സി.നം. 68/2008 കേസിൽ ടിയാനെ കുറ്റക്കാരനെന്നു കണ്ടെത്തുകയും 22.03.2011 ലെ ഉത്തരവ് പ്രകാരം ഇന്ത്യൻശിക്ഷാനിയമം 195(A) വകുപ്പ് പ്രകാരം 4 വർഷം കഠിനതടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 മാസം തടവും, ഇന്ത്യൻ ശിക്ഷാനിയമം 506(ii) വകുപ്പ് പ്രകാരം ഒരു വർഷം കഠിന തടവും ഉത്തരവായതായി കേസ് ഫയലിനൊപ്പമുള്ള കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ സൂപ്രണ്ട് ലഭ്യമാക്കിയ തടവുകാരുടെ വിവരങ്ങളിൽ രേഖപ്പെടുത്തി കാണുന്നു. പ്രസ്തുത ശിക്ഷ കാലയളവ് ടിയാൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും, പിഴ അടച്ചിട്ടുണ്ടെന്നും പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ പ്രസ്തുത കേസിന്റെ വിധിപ്പകർപ്പ് പരിശോധനയ്ക്കായി ലഭ്യമല്ല. എസ്.സി.നം. 28/2004 നമ്പർ കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ശേഷം ആണ് ടിയാനെ എസ്.സി.നം. 68/2008 നമ്പർ കേസിൽ ശിക്ഷിച്ചിട്ടുള്ളത് എന്ന് കാണുന്നതിനാൽ 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിലെ വകുപ്പ് 467(2) പ്രകാരം ടി ശിക്ഷ ആദ്യ ശിക്ഷയ്ക്ക് ഒപ്പം ഒന്നിച്ച് അനുഭവിച്ചാൽ മതിയാകും. ആയതിനാൽ എസ്.സി.നം. 68/2008 നമ്പർ കേസിലെ ശിക്ഷ പൂർത്തിയാക്കിയിട്ടുള്ളതായി കണക്കാക്കാവുന്നതാണ്. | BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. |

**2. സി.നം. 7688 ബാലസുബ്രഹ്മണ്യൻ S/o കൃഷ്ണൻ (വയസ്സ് -40/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| 20.10.2007 തീയതിയിൽ പ്രതി കൊല്ലപ്പെട്ട തങ്കവും, രണ്ട് സഹോദരിമാരും താമസിക്കുന്ന വീട്ടിൽ അതിക്രമിച്ച് കയറുകയും തങ്കത്തിനെ ബലാത്സംഗം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. ഇതിനെ ടിയാരി തടയാൻ ശ്രമിച്ചപ്പോൾ പ്രതി മഴുവിന്റെ പിടി ഉപയോഗിച്ച് തലയ്ക്കടിച്ച് കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 91/2009 കേസിലെ പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി (ADHOC-I), മഞ്ചേരി കുറ്റക്കാരനെന്നു കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 10000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 3 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 449 വകുപ്പ് പ്രകാരം 5 വർഷം കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം കഠിന തടവും, | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസറും പോലീസും പ്രതികൂല റിപ്പോർട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 30.06.2024 തീയതി അടിസ്ഥാനപ്പെടുത്തി 16 വർഷവും 06 മാസവും 16 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ |

| | |
|---|---|
| ഇന്ത്യൻശിക്ഷാനിയമം 506(i) വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 2000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 2 മാസം കഠിന തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചും ഉത്തരവായിട്ടുണ്ട്.<br>19.06.2012 ലെ ക്രിമിനൽ അപ്പീൽ നം. 1963/2009 ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു.<br>20.04.2018 ലെ SLP(Crl.) Diary No. 10867/2018 പ്രകാരം ബഹു. സുപ്രീം കോടതിയും വിചാരണക്കോടതിയുടെ ശിക്ഷാവിധി ശരിവയ്ക്കുകയും അപ്പീൽ നിരസിക്കുകയും ചെയ്തു. | രേഖപ്പെടുത്തി കാണുന്നു.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതികളുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. |

**3. സി.നം. 290/24 രാജേഷ് S/o നാരായണൻ (വയസ്സ് -41/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| രാഷ്ട്രീയ വൈരാഗ്യം നിമിത്തം, 27.01.2001 തീയതി പ്രതിയും കൂട്ടാളികളും ചേർന്ന് ദേവദാസ് എന്നയാളെ ചാലിങ്കൽ ബസ് സ്റ്റോപ്പിൽ വച്ച് കൊലപ്പെടുത്തി എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 617/2004 കേസിലെ 4-ാം പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി (ADHOC-II), കാസർഗോഡ് കുറ്റക്കാരനെന്ന കണ്ടെത്തുകയും ഇന്ത്യൻശിക്ഷാനിയമം 302 r/w 149 വകുപ്പ് പ്രകാരം ജീവപര്യന്തം കഠിന തടവും 20000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 143 r/w 149 വകുപ്പ് പ്രകാരം 6 മാസം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 148 r/w 149 വകുപ്പ് പ്രകാരം 2 വർഷം കഠിന തടവും, 10000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 6 മാസം സാധാരണ തടവും, ഇന്ത്യൻശിക്ഷാനിയമം 341 r/w 149 വകുപ്പ് പ്രകാരം 1 മാസം സാധാരണ തടവും ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിച്ചാൽ മതിയെന്ന് ഉത്തരവായിട്ടില്ല.<br>30.09.2015 ലെ ക്രിമിനൽ അപ്പീൽ നം. 2004/2009 ലെ ഉത്തരവ് പ്രകാരം ബഹു. കേരള ഹൈക്കോടതി വിചാരണക്കോടതിയുടെ ശിക്ഷാവിധി തിരുത്തുകയും പ്രതിക്ക് വിചാരണ കോടതി 143 r/w 149 , 148 r/w 149 വകുപ്പുകൾ പ്രകാരം നൽകിയ ശിക്ഷ റദ്ദ് ചെയ്യുകയും പകരം പ്രതിയെ ഇന്ത്യൻശിക്ഷാനിയമം 302 r/w 34 | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. എന്നാൽ ജയിൽ ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>വധ ശിക്ഷ ശിക്ഷകളിൽ ഒന്നായ ഒരു കുറ്റത്തിന് ഒരു വ്യക്തിക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിക്കുകയാണെങ്കിൽ, കുറഞ്ഞത് 14 വർഷത്തെ തടവ് അനുഭവിച്ചിട്ടില്ലെങ്കിൽ അത്തരം വ്യക്തിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ പാടില്ല എന്ന് BNSS ലെ 475-ാം വകുപ്പ് അനുശാസിക്കുന്നു. 30.06.2024 തീയതി അടിസ്ഥാനപ്പെടുത്തി 14 വർഷവും 04 മാസവും 04 ദിവസവും ടിയാൻ യഥാർത്ഥ തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. വിചാരണ കോടതിയുടെയോ, അപ്പീൽ കോടതിയുടെയോ ശിക്ഷാ വിധികളിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>BNSS ലെ വകുപ്പ് 475 അനുശാസിച്ചിട്ടുള്ള പ്രകാരം ഏറ്റവും കുറഞ്ഞ തടവ് കാലയളവ് തടവുകാരൻ പൂർത്തിയാക്കിയിട്ടുള്ളതിനാൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. |

| | |
|---|---|
| വകുപ്പ് പ്രകാരം ജീവപര്യന്തം തടവും 20000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 341 r/w 34 വകുപ്പ് പ്രകാരം 1 മാസം കഠിന തടവും ശിക്ഷ വിധിച്ച് ഉത്തരവായിട്ടുണ്ട്. സെറ്റ് ഓഫ് അനുവദിച്ചിട്ടുണ്ട്. | |

**4. സി.നം. 445/22 മാധവൻ S/o കാളൻ (വയസ്സ് -44/24)**

| ശിക്ഷാവിധിയുടെ വിശദാംശങ്ങൾ | ശിപാർശ ചെയ്യുന്നതിനുള്ള കാരണങ്ങൾ |
|---|---|
| 06.01.2022 തീയതി രാവിലെ 09.05 മണി സമയത്ത് സ്കൂളിലേക്ക് പോകുകയായിരുന്ന 9 വയസ്സ് മാത്രം പ്രായമായ പരാതിക്കാരിക്കെതിരെ പ്രതി ലൈംഗികാതിക്രമം കാണിച്ചു എന്നതാണ് പ്രോസിക്യൂഷൻ കേസ്.<br>എസ്.സി.നം. 111/2022 കേസിലെ 4-ാം പ്രതിയായ ടിയാനെ അഡീഷണൽ സെഷൻസ് കോടതി(സ്പെഷ്യൽ), കല്പറ്റ, കുറ്റക്കാരനെന്നു കണ്ടെത്തുകയും POCSO നിയമം 9(m) r/w 10 വകുപ്പ് പ്രകാരം 5 വർഷം കഠിന തടവും 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 15 ദിവസം കഠിന തടവും, ഇന്ത്യൻശിക്ഷാനിയമം 341 വകുപ്പ് പ്രകാരം 1 മാസം സാധാരണ തടവും, ഇന്ത്യൻശിക്ഷാനിയമം 354 വകുപ്പ് പ്രകാരം 1 വർഷം കഠിന തടവും, 5000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ 15 ദിവസം സാധാരണ തടവും ഉത്തരവായിട്ടുണ്ട്. ശിക്ഷ കാലയളവ് ഒന്നിച്ചനുഭവിക്കുന്നതിനും സെറ്റ് ഓഫും അനുവദിച്ചിട്ടുണ്ട്. | പ്രതിയുടെ അകാല വിട്ടുതൽ സംബന്ധിച്ച് ജില്ലാ പ്രൊബേഷൻ ഓഫീസർ അനുകൂല റിപ്പോർട്ടും പോലീസ് പ്രതികൂല റിപ്പോർട്ടുമാണ് നൽകിയിട്ടുള്ളത്. എന്നാൽ സംസ്ഥാനതല ഉപദേശക സമിതി ടിയാനെ മോചിപ്പിക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.<br>2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ 464(1)(v) പ്രകാരം സ്ഥിരം കുറ്റവാളികളല്ലാത്ത പുരുഷന്മാരെയും യുവാക്കളായ കുറ്റവാളികളെയും സംബന്ധിച്ച് ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെടാത്തതും എന്നാൽ ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേയ്ക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ ഇളവുകൾ ഉൾപ്പെടെ യഥാർത്ഥ ശിക്ഷയുടെ പകുതി പൂർത്തിയാകുന്ന മുറയ്ക്കും എന്നാൽ ഒരു വർഷത്തേയ്ക്ക് മാത്രം ശിക്ഷിക്കപ്പെട്ടവരുടെ കേസുകളിൽ ശിക്ഷായിളവ് ഉൾപ്പെടെ ഒരു വർഷം പൂർത്തിയായതിനുശേഷം എന്ന നിബന്ധനയിലും അകാല വിട്ടതലിന് പരിഗണിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . 30.06.2024 തീയതി അടിസ്ഥാനപ്പെടുത്തി 02 വർഷവും 08 മാസവും 10 ദിവസവും ടിയാൻ യഥാർത്ഥ തടവും ഇളവുകൾ ഉൾപ്പെടെ 02 വർഷവും 11 മാസവും 22 ദിവസവും തടവ് അനുഭവിച്ചിട്ടുണ്ട് എന്ന് കേസ് ഫയലിനൊപ്പമുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തി കാണുന്നു.<br>ബഹു. കോടതിയുടെ ശിക്ഷാ വിധിയിൽ തടവുകാരനെ മോചിപ്പിക്കുന്നത് സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.<br>മേൽസാഹചര്യത്തിൽ ടിയാന്റെ അകാല മോചനത്തിന് നിയമ തടസ്സമില്ല എന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. |